**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2594** 19.03.2015 -ലെ മറുപടിക്ക്

അഭയം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ടി.എൻ. പ്രതാപൻ :<br>**ശ്രീ. ജോസഫ് വാഴക്കൻ :**<br>**ശ്രീ. സി.പി.മുഹമ്മദ് :** | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അഭയം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (എ) അഭയം എന്ന പേരിൽ ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. കേരള സംസ്ഥാനത്ത് നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ബോർഡിലെ അംഗ **തൊഴിലാളികളും, ഭവന രഹിതരുമായ** 1000 പേർക്ക് ഭവന നിർമ്മാണത്തിനായി 3 ലക്ഷം രൂപ ധനസഹായം നൽകുന്നതിന് ഈ **പദ്ധതി ലക്ഷ്യമിടുന്നു.** |
| (ബി) ഭവനരഹിതരായ ക്ഷേമ ബോർഡ് അംഗങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് **പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നത്** | (ബി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന ബോർഡിലെ അംഗ തൊഴിലാളികളായ 1000 പേർക്ക് ഭവന **നിർമ്മാണത്തിനുള്ള ധനസഹായമായി** 3 ലക്ഷം രൂപ ഈ പദ്ധതി വഴി നല്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. |
| (സി)പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട് ? | (സി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ ബോർഡ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ